# യേശുകർത്താവു തരുന്ന ദൂത്

## മത്തായി 2:11

**“ആ വീട്ടിൽ ചെന്നു, ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണു അവനെ നമസ്കരിച്ചു.”**

യേശുകർത്താവിന്റെ ജനനം അന്വേഷിച്ചു നടന്ന വിദ്വാന്മാരെ ഏവർക്കും സുപരിചിതം ആണല്ലോ. പ്രത്യേകിച്ച് ക്രിസ്മസിനോടനുബന്ധിച്ചുള്ള ചിന്തകളിലും ധ്യാനങ്ങളിലും എല്ലാം നിറഞ്ഞു നിൽക്കുന്ന കാഴ്ചയാണ് വിദ്വാന്മാരുടെ യേശുവിനെ തേടിയുള്ള യാത്ര. അതിന്റെ പര്യവസാനം ആണല്ലോ നാം ഇന്നത്തെ കുറിവാക്യമായി വായിച്ചത്.

ലോകജനതയെ പാപത്തിൽനിന്നു രക്ഷിപ്പാൻ പിറന്ന രക്ഷകനെ കണ്ടെത്തുക തന്നെ വേണം എന്നതായിരുന്നു വിദ്വാന്മാരുടെ ലക്ഷ്യം. യഹൂദന്മാരുടെ രാജാവായി പിറന്നവനെ അവർക്ക് കാണണം. തങ്ങളുടെ മുമ്പിൽ അതിനു പല പ്രതിബന്ധങ്ങളും കടന്നുവന്നെങ്കിലും സകലത്തെയും തരണം ചെയ്ത് ഒടുവിൽ യേശുവിനെ അമ്മയായ മറിയയോടുകൂടി കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞു. അതിനു ശേഷം നടന്ന ശ്രേഷ്ഠമായ കാഴ്ചയാണ് ഇന്ന് നമ്മുടെ ആത്മീക കണ്ണുകളെ ഒന്നുകൂടി തുറക്കാൻ ഇടയാക്കേണ്ടത്. അവർ യേശുവിനെ കണ്ടു, വീണു അവനെ നമസ്കരിച്ചു.

പ്രിയ ദൈവമക്കളെ, ലോകത്തിനു മുഴുവൻ മാതൃകയാക്കാനുള്ള ഒരു ആരാധനയുടെ അതിമഹത്തായ കാഴ്ചയാണ് വിദ്വാന്മാരിലൂടെ നാം ദർശിക്കുന്നത്. ആരൊക്കെ യേശുകർത്താവിനെ തന്റെ ജീവിതത്തിൽ കണ്ടുമുട്ടുന്നുവോ, അവരുടെ ജീവിതത്തിൽനിന്ന്, ഹൃദയങ്ങളുടെ അകതാരിൽനിന്ന് ഇതേ ആഗ്രഹം ഒഴുകേണ്ടതാകുന്നു. അവനെ കണ്ടെത്തുന്നവൻ, അവന്റെ മുമ്പിൽ വീണു നമസ്കരിക്കുവാൻ തയ്യാറാകണം.

ഇന്ന് കർത്താവിനെ കണ്ടുമുട്ടുന്നവർ അനേകർ ആണ്. എന്നാൽ ദിനംതോറും ഈ രാജാവിന്റെ മുമ്പിൽ വീണു നമസ്കരിക്കാൻ നാം മറന്നുപോകുന്ന അവസ്ഥയാണ് കാണുന്നത്. വിദ്വാന്മാർക്ക് ലോകത്തിലെ പല കാര്യങ്ങളിലും ഉള്ള ജ്ഞാനം വളരെ ശ്രേഷ്ഠമായിരുന്നു. എന്നാൽ അതിലെല്ലാം ഉപരിയായുള്ള വലിയ സത്യം അവർ തിരിച്ചറിഞ്ഞു. അവർ കണ്ടുമുട്ടിയത് ഒരു സാധാരാണ ശിശുവിനെ അല്ല. യഹൂദന്മാരുടെ രാജാവായി പിറന്നവന്റെ മുമ്പിലാണ് നക്ഷത്രം അവർക്ക് വഴികാട്ടിയായി തീർന്നതെന്ന ആത്മീകസത്യം അവർക്ക് മനസ്സിലായി. ഈ തിരിച്ചറിവാണ് ശിശുവായ യേശുവിന്റെ മുമ്പിൽ വീണു നമസ്കരിക്കാൻ അവരെ ഒരുക്കിയത്.

വിദ്വാന്മാരുടെ ഹൃദയത്തിന്റെ സമർപ്പണം നമുക്കും മാതൃകയാക്കാം. കർതൃകരങ്ങളിൽ പൂർണ്ണമായും വിട്ടുകൊടുക്കാൻ കഴിയാത്ത ജീവിതാനുഭവങ്ങളെ, നമുക്ക് യേശുവിന്റെ കരങ്ങളിൽ താണുവീണു സമർപ്പിച്ചു കൊടുക്കാം. യേശു കർത്താവിനെ നമസ്കരിച്ചശേഷം വിദ്വാന്മാർ സ്വദേശത്തേക്കു മടങ്ങിപ്പോയി എന്നു നാം വചനത്തിൽ കാണുന്നു. കർത്താവിനെ ദിനംതോറും കാണേണ്ടതുപോലെ കണ്ടുകൊണ്ട്, പുത്രന്റെ പാദപീഠം ചുംബിച്ചുകൊണ്ട്, നമുക്കും വാഗ്ദത്തം ചെയ്ത ദേശത്തേയ്ക്കുള്ള യാത്രയിൽ ദിനംതോറും മുന്നേറാം. കർത്താവിനെ കണ്ടുകൊണ്ടു മാത്രം ജീവിതത്തെ ഒതുക്കി നിർത്താതെ, കണ്ടവന്റെ മുമ്പിൽ വീഴുവാനും, സമർപ്പിപ്പാനും ഒരുങ്ങിയേ മതിയാകൂ. യഥാർത്ഥമായ ആരാധന ക്രിസ്തുയേശുവിന്റെ മുമ്പിൽ കാഴ്ചവെച്ചുകൊണ്ട് നമുക്കും വിദ്വാന്മാരെപ്പോലെ മുന്നേറാം. കർത്താവ് സഹായിക്കട്ടെ.

**പരാമർശം:**

1 തിമൊഥെയൊസ് 1:15-17

ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ. എന്നിട്ടും യേശുക്രിസ്തു നിത്യജീവന്നായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തത്തിന്നായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന്നു എനിക്കു കരുണ ലഭിച്ചു. നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏകദൈവത്തിന്നു എന്നെന്നേക്കും ബഹുമാനവും മഹത്വവും. ആമേൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 133**